പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4232* *17.05.2017 ലെ മറുപടിക്ക്.*

**സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ഓൺലൈൻ സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | ശ്രീ. പിണറായി വിജയൻ<br>***(മുഖ്യമന്ത്രി)*** |
| (എ) അക്കാദമികേതര സർട്ടിഫിക്കറ്റുകൾ (ജനന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് തുടങ്ങിയവ) സാക്ഷ്യപ്പെടുത്തുന്നതിന് നോർക്ക റൂട്ട്സിന്റെ കോഴിക്കോട്, കൊച്ചി ഓഫീസുകളിൽ സൗകര്യമില്ലാത്തതു മൂലം ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) അക്കാദമികേതര സർട്ടിഫിക്കറ്റുകൾ നോർക്ക റൂട്ട്സിന്റെ കോഴിക്കോട്, കൊച്ചി ഓഫീസുകളിൽ സാക്ഷ്യപ്പെടുത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കൊച്ചി, കോഴിക്കോട് ഓഫീസുകളിൽ രണ്ട് അണ്ടർ സെക്രട്ടറിമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടും സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ; | (ബി) നോർക്കാ റൂട്ട്സിന്റെ എറണാകുളം, തിരുവനന്തപുരം സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകളിൽ ഹോം ഓതന്റിക്കേഷൻ ഓഫീസർമാരുടെ (അണ്ടർ സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഹോം ഓതന്റിക്കേഷൻ ഓഫീസർ) തസ്തിക നിലവിൽ ഉണ്ട്. കോഴിക്കോട് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററിൽ പ്രസ്തുത തസ്തിക ഇല്ല.<br><br>ആഭ്യന്തര വകുപ്പിലെ ഹോം ഓതന്റിക്കേഷൻ ഓഫീസർമാരാണ് നിലവിൽ അക്കാദമികേതര സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി വരുന്നത്.<br><br>അക്കാദമികേതര സർട്ടിഫിക്കറ്റുകൾ നോർക്കാ റൂട്ട്സിന്റെ എറണാകുളം, കോഴിക്കോട് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകൾ വഴി സാക്ഷ്യപ്പെടുത്തുന്നതിന് അനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

| | | |
|---|---|---|
| (സി) | സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിൽ ഉണ്ടോ ; | (സി) യും (ഡി) യും സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് അപേക്ഷകൻ, അപേക്ഷകനുമായി ബന്ധമുള്ള വ്യക്തികൾ ബന്ധപ്പെട്ട രേഖകൾ സഹിതം നേരിട്ട് ഹാജരാകണം. എന്നാൽ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് മുന്നോടിയായുള്ള രജിസ്ട്രേഷൻ ഇപ്പോൾ ഓൺലൈനായി നടത്തുന്നുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | |

Shiejith

**സെക്ഷൻ ഓഫീസർ.**